എഡിറ്റോറിയൽ

**ജനുവരി 2008**

**എഡിറ്റർ**

**ജോർജ്ജ് കാടൻകാവിൽ**



# എന്നെ കെട്ടിക്കാൻ കാശുകൊടുക്കണോ?

ഞങ്ങൾ രണ്ടു പെൺമക്കളാണ് വീട്ടിൽ. നല്ലപോലെ പണം ചിലവഴിച്ചാണ് ഞങ്ങളെ പഠിപ്പിച്ച് പ്രൊഫഷണലുകളാക്കിത്. ഇപ്പോൾ ഞങ്ങൾക്ക് നല്ല ജോലിയുണ്ട്, നല്ല ശമ്പളവും. എന്നിട്ടും ഞങ്ങളെ കെട്ടിച്ചുവിടാൻ പണം കൊടുക്കണം എന്നു വരുന്നത് കഷ്ടമല്ലേ സാർ?

മോളെ കോഴിയാണോ മുട്ടയാണോ ആദ്യം വന്നത് എന്ന് തർക്കം വന്നാൽ, അതിന്റെ വാദപ്രതിവാദങ്ങൾ എങ്ങിനെയാ അവസാനിക്കുക. കോഴി തിന്നണോ, മുട്ട തിന്നണോ, അതോ വെജിറ്റേറിയൻ വേണോ എന്നായിരുന്നു തർക്കമെങ്കിൽ ഇഷ്ടമുള്ളത് തിന്നാം എന്ന് തീർച്ചപ്പെടുത്താമായിരുന്നു.

എന്റെ അഭിപ്രായത്തിന് നിനക്ക് മൂന്നു മാർഗ്ഗങ്ങളുണ്ട്. വേണമെങ്കിൽ ഞാനും സഹായിക്കാം.

1. ഈ സാമൂഹ്യ വ്യവസ്ഥിതി മാറ്റാൻ ഇറങ്ങി പുറപ്പെടാം.

2. നിന്റെ ആദർശത്തിന് ചേരുന്ന ആളെ കണ്ടെത്തും വരെ വിവാഹം വേണ്ട എന്നു വയ്ക്കാം.

3. ഇപ്പോഴത്തെ വ്യവസ്ഥിതിയിൽ ഉള്ളതിൽ ഭേദം എന്നു തോന്നുന്ന ആളെ വരിക്കാം. അതിനും ഞാൻ സഹായിക്കാം.

യോഗ്യനായൊരു പുരുഷന്റെ കുടുംബിനി ആയി നീയൊരു പുതിയ ജീവിതാന്തസ്സിൽ എത്തുന്നതു കണ്ട് തൃപ്തി അടയാനാണ് അപ്പനും അമ്മയും നിനക്ക് വിവാഹം ആലോചിക്കുന്നത്. ഏതാനും മക്കളെ പ്രസവിച്ച് വളർത്താൻ ശരീരത്തിനു കെല്പുള്ള പ്രായത്തിൽ തന്നെ നിന്റെ വിവാഹം നടത്താനാണ് അവരുടെ ശ്രമം. കൂടുതൽ മക്കൾ ഉള്ളത് കുടുംബത്തിന്റെ ഭദ്രത വർദ്ധിപ്പിക്കുമെന്നാണ് പഴയ തലമുറയിലെ കാരണവന്മാർ പറയുന്നത്. മക്കളും കുടുംബത്തിന്റെ സ്വത്താണ്. കുടുംബങ്ങളിലെ സ്വത്തിടപാടുകളേ കുറിച്ച് പക്വമായ ഒരു കാഴ്ചപ്പാടുണ്ടായാൽ മോളുടെ അസ്വസ്ഥത കുറെയൊക്കെ മാറും. അതുകൊണ്ട് ഈ കാശിന്റെ ഇടപാടുകളിലേക്ക് നമുക്ക് ഒന്ന് എത്തിനോക്കാം..

അപ്പന്റെ സ്വത്ത് മക്കൾക്ക് വീതിച്ചു കൊടുക്കുന്നത് കാലാകാലങ്ങളായി എല്ലാ കുടുംബങ്ങളിലും നടന്നു വരുന്നതാണ്. മുടിയനായ പുത്രൻ വീതം കൊണ്ടു പോയ കഥ അറിയാമല്ലോ. ഏതു സമയത്ത്, ഏതു സന്ദർഭത്തിൽ, ആരു വീതിക്കുന്നു, എങ്ങിനെ വീതിക്കുന്നു, എന്തിനു വേണ്ടി വീതിക്കുന്നു, എത്ര കിട്ടി, ഏതു കിട്ടി ഈ വക കാര്യങ്ങളിലാണ് ഓരോ കുടുംബത്തിലും വീതം വെയ്പിൽ വ്യത്യസ്ത സംഭവവികാസങ്ങൾ ഉടലെടുക്കുന്നത്.

പെൺമക്കൾക്ക് ചെറിയ വിഹിതവും, ആൺമക്കൾക്ക് സിംഹഭാഗവും വീതം വെച്ചതിന്റെ ഒരു തർക്കം ദീർഘനാൾ കേസു പറഞ്ഞ് ഒടുവിൽ സുപ്രീം കോടതിയിൽ എത്തി, ക്രിസ്ത്യാനികളുടെ പിതൃസ്വത്തിൽ മക്കൾക്ക് തുല്യ അവകാശം എന്നത് നാട്ടിന്റെ നിയമമാക്കിയ ഒരു വിധി സുപ്രീം കോടതി ഏതാനും വർഷം മുമ്പ് പുറപ്പെടുവിക്കുയുണ്ടായി. മക്കൾക്ക് അവകാശപ്പെട്ട സ്വത്ത് കൊടുത്തിട്ടുണ്ട് എന്ന് രേഖ ഉണ്ടാക്കി വെക്കേണ്ടത് പൈതൃക സ്വത്ത് അനുഭവിക്കാൻ ഇന്നാവശ്യ

www.BethlehemMatrimonial.com

മാണ്. ക്രിസ്ത്യാനികളുടെ ഇടയിൽ പെൺ മക്കളുടെ സ്വത്ത് വിവാഹ സമയത്ത് കൊടുക്കുന്നതാണ് നാട്ടുനടപ്പ്. അർഹമായ സ്വത്തു വിഹിതം മകൾക്ക് കൊടുത്തിട്ടുണ്ട് എന്ന പരാമർശത്തോടെ പിതാവ് വിൽപ്പത്രം തയ്യാറാക്കി വെക്കുകയും വേണമത്രേ.

ചുരുക്കത്തിൽ പിതാവിനു സ്വത്തുണ്ടെങ്കിൽ ജീവിതത്തിൽ എപ്പോഴെങ്കിലും നിനക്ക് സ്വത്തിടപാടിന്റെ ഭാഗമാകേണ്ടി വരും. നിന്റെ സ്വത്തു വേണ്ടാ എന്നു കരുതുന്ന പുരുഷന്റെ നിലപാടും ശരിയാണോ എന്നു ചിന്തിക്കണം. നിന്നെയും നിന്റെ അവകാശങ്ങളെയും മാനിക്കുന്ന പുരുഷനാണ് യോഗ്യൻ. അവിശ്വാസവും, ആർത്തിയും ആക്രാന്തവും കൊണ്ട് കണക്കു പറയുന്നവനാണ് അയോഗ്യൻ. ഇത്രയും വർഷങ്ങൾക്കിടയിൽ എത്രയോതരം ആളുകളെ കല്യാണക്കാര്യവുമായി ബന്ധപ്പെട്ട് ഞാൻ കണ്ടിട്ടുണ്ടെന്നോ. അവിശ്വാസവും, ആർത്തിയും പ്രകടമാക്കുന്ന പെൺ വീട്ടുകാരും ഉണ്ട്.

സ്വത്തു വിഭജനം എല്ലാ കുടുംബങ്ങളിലും നടക്കുന്നതാണ്. നീരസപ്രകടനങ്ങളും സ്വാഭാവികം. അത് വഴക്കും വക്കാണവും ആകുമ്പോഴാണ് വാർത്തയാകുന്നത്. എത്രയധികം വിമാനങ്ങളാണ് ഓരോ ദിവസവും സുരക്ഷിതമായി പറക്കുന്നത്, പക്ഷേ അതിലേതെങ്കിലും ഒന്നു തകർന്നാൽ അത് വലിയ വാർത്തയാകും. വിമാനയാത്ര അപകടകരമാണ് എന്നു കണക്കാക്കി വിമാനത്തിൽ കയറാത്തവരും നമ്മുടെ ഇടയിലുണ്ട്. അതുപോലെ സ്വത്തു തർക്കം ഒഴിവാക്കാൻ കല്യാണം വേണ്ട, മക്കൾ വേണ്ട, ഒന്നു മതി എന്നൊക്കെ ചിന്തിക്കണോ?

More Articels: http://www.bethlehemmatrimonial.com/editorial.html

www.BethlehemMatrimonial.com